# കവിതകൾ



BY


# ആൽബിൻ ചേടിയത്ത്

EDIT & PUBLISHING ALBIN CHEDIYATH MOB 8111905690

## ഉള്ളടക്കം

ഇന്നു ഞാന്, നാളെ നീ..........2
പാതിരാക്കോഴി വിളിപ്പതും കേള്ക്കാതെ..........3
ആ പൂമാല..........4
അമ്മ..........7
ബാഗ്ദാദ്..........9
എന്റെ ഭാഷ..........10

# ഇന്നു ഞാൻ, നാളെ നീ



ജി. ശങ്കരക്കുറുപ്പ്


ഇന്നു ഞാൻ, നാളെ നീ; ഇന്നു ഞാൻ,നാളെ നീ
ഇന്നും പ്രതിദ്ധ്വനിക്കുന്നിതെന്നോർമ്മയിൽ!
പാതവക്കത്തെ മരത്തിൻ കരിനിഴൽ
പ്രേതം കണക്കെ ക്ഷണത്താൽ വളരവേ,
എത്രയും പേടിച്ചരണ്ട ചില ശുഷ്ക-
പത്രങ്ങൾ മോഹം കലർന്നു പതിക്കവേ,
ആസന്നമൃത്യുവാം നിശ്ശേഷ്ടമാരുതൻ
ശ്വാസമിടയ്ക്കിടയ്ക്കാഞ്ഞു വലിക്കവേ,
താരകരത്നഖചിതമാം പട്ടിനാൽ
പാരമലംകൃതമായ വിൺപെട്ടിയിൽ
ചത്ത പകലിൻ ശവം വച്ചെട്ടപ്പതി-
നാത്തമൌനം നാലു ദിക്കുകൾ നിൽക്കവേ,
തൻപിതാവിൻ ശവപ്പെട്ടിമേൽ ചുംബിച്ചു
കമ്പിതഗാത്രിയായന്തി മൂർച്ഛിയ്ക്കവേ,
ജീവിതം പോലെ രണ്ടട്ടവും കാണാത്തൊ-
രാ വഴിയിങ്കൽ തനിച്ചു ഞാൻ നിന്നു പോയ്.
പക്ഷികൾ പാടിയി,ല്ലാടിയില്ലാലില,-
യിക്ഷിതിതന്നെ മരവിച്ചപോലെയായ്!
അന്തികത്തുള്ളൊരു പള്ളിയിൽ നിന്നുടൻ
പൊന്തി "ണാം-ണാം"മെന്നു ദീനം മണിസ്വനം.
രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ-
ത്തുണ്ടയൊരാ മഹാത്യാഗത്തെയിപ്പൊഴും
മൂകമാണെങ്കിലുമുച്ചത്തിൽ വർണ്ണിക്കു-
മേകമുഖമാം കുരിശിനെ മുത്തുവാൻ
`ആരാലിറങ്ങി വരും ചില "മാലാഖ"-
മാരയ്വരാം കണ്ട ള്ളവെണ്മുകില്ലകൾ.
പാപം ഹരിച്ചു പാരിന്നു വിണ്ണേറുവാൻ
പാത കാണിക്കും കുരിശേ ജയിക്കുക!
ആ വഴിക്കപ്പോളൊരു ദരിദ്രന്റെ നി-
ർജീവമാം ദേഹമടക്കിയ പെട്ടി പോയ്.
ഇല്ല പെരുമ്പറ, ശ്രദ്ധയാം വിശ്വസ്ത-
വല്ലഭതന്നുടെ നെഞ്ചിടിപ്പെന്നിയേ!

കവിതകൾ

ഇല്ല പൂവർഷം, വിഷാദം കിടന്നല-
തല്ലുന്ന പൈതലിൻ കണ്ണുനീരെന്നിയേ!
വന്നു തറച്ചിതെൻ കണ്ണിലാപ്പെട്ടിമേൽ-
നിന്നുമാറക്ഷരം, “ഇന്നു ഞാൻ, നാളെ നീ.”
ഒന്നു നടുങ്ങി ഞാ,നാ നടുക്കംതന്നെ
മിന്നുമുഡുക്കളിൽ ദൃശ്യമാണിപ്പൊഴും!

ജി. ശങ്കരക്കുറുപ്പ്

# പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ



വൈലോപ്പിള്ളി ശ്രീധരമേനോൻ

പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
പാടത്തു പുഞ്ചയ്ക്കു തേവുന്നു രണ്ടുപേർ;
ഒന്നൊരു വേട്ടുവൻ മറ്റേതവൻ വേട്ട
പെണ്ണിവർ പാരിന്റെ പാദം പണിയുവോർ;
ഭൂതം കണക്കിനേ മൂടൽമ,ഞ്ഞഭ്രവും
ഭൂമിയും മുട്ടിപ്പരന്നു നിന്നീടവേ,
തങ്ങളിൽത്തന്നേയടങ്ങി, നിലാവത്തു
തെങ്ങുകൾ നിന്ന നിലയ്ക്കുറങ്ങീടവേ,
ഈയർദ്ധനഗ്നരാം ദമ്പതിമാർകളോ
പാടത്തു പുഞ്ചയ്ക്കു പാരണ നൽകയാം.
തേക്കൊട്ടു മുങ്ങിയും പൊങ്ങിയും തേങ്ങുമ്പൊ -
ഴീക്കൂട്ടർ പാട്ടുമത്യുച്ചമാം പാട്ടുകൾ,
ഗദ്ഗദരുദ്ധമാം രോദനം പോലവേ,
ദുഃഖിതരായി ശ്രവിക്കുന്നു ദിക്കുകൾ!
നൽത്തുലാവർഷവും കാത്തിരുന്നങ്ങനെ
പാർത്തലം വൃശ്ചികം പാടേ കടന്നുപോയി.
നാലഞ്ചുതുള്ളിയേ നാകമുതിർത്തുള്ളൂ
നനാചരാചരദാഹം കെടുത്തുവാൻ.
വർദ്ധിച്ച താപേന വൻ മരുഭൂവിലെ-
യധ്വഗർപോലെത്തുമോരോ ദിനങ്ങളും
പാടത്തെ വെള്ളം കുടിച്ചുവറ്റിക്കയാൽ
വാടിത്തുടങ്ങീതു വാരിളം നെല്ലുകൾ.
തൈത്തലയെല്ലാം വിളർത്തു, മുളകിന്റെ
കൈത്തിരി തീരെക്കൊളുത്തതെ വീണുപോയ്!
കാർമണ്ഡലത്തെ പ്രതീക്ഷിക്കുമൂഴിയെ-
പ്പാഴ്മഞ്ഞുതിർത്തു ഹസിക്കയാം വിണ്ടലം!


EDIT & PUBLISHING ALBIN CHEDIYATH MOB 8111905690

കവിതകൾ

ഹാ കഷ്ടമെങ്ങനെ മർത്ത്യൻ സഹിക്കുമീ
മൂകപ്രകൃതിതന്നന്ധമാം ക്രൂരത?
ഇപ്പെരും ക്രൂരതയോടു പോരാടുവോ-
രിപ്പൊഴും പുഞ്ചയ്ക്കു തേവുമീ വേട്ടുവർ;
പഞ്ചഭൂതങ്ങളോടങ്കമാടീടുമീ-
പ്പുഞ്ചമരത്രേ പെരുംപടയാളികൾ.
മാലോകർ തുഷ്ടിയാം തൊട്ടിലിൽ, നിദ്രതൻ-
താലോലമേറ്റു മയങ്ങിക്കിടക്കവേ,
തൻജീവരക്തമൊഴുകുന്ന പാടത്തു
തണ്ണീരിലൂടെയിദ്ധീരനാം പൂരുഷൻ
കാന്തന്റെ തേരിൽ കടിഞ്ഞാൺ പിടിക്കുന്ന
താൻതന്നെ തേവിക്കൊടുക്കുമിപ്പെൺകൊടി
പാട്ടുകൾ പാടിക്കെടുത്തുന്ന തന്വംഗി
കൂട്ടുകാരന്റെ തണുപ്പും തളർച്ചയും
പാടുകയാണിവൾ പാലാട്ടുകോമന്റെ
നീട്ടുറ്റ വാളിൻനിണപ്പൂഴക്കേളികൾ.
ആരാണു വീറോടു പോരാടുമീരണ്ടു
പോരാളിമാർകളെപ്പാടിപ്പുകഴ്ത്തുവാൻ?

വൈലോപ്പിള്ളി ശ്രീദരമേനോൻ

# ആ പൂമാല



ചെങ്ങമ്പുഴ കൃഷ്ണപിള്ള

'ആരു വാങ്ങു, മിന്നാരു വാങ്ങുമീ-
യാരാമത്തിന്റെ രോമാഞ്ചം? . . . '
അപ്രമേയ വിലാസലോലയാം
സുപ്രഭാതത്തിൻ സുസ്മിതം
പൂർവ്വദിംമുഖത്തിങ്കലൊക്കെയും
പൂവിതളൊളി പൂശുമ്പോൾ,
നിദ്രയെന്നോടു യാത്രയുംചൊല്ലി
നിർദ്ദയം വിട്ടുപോകയാൽ
മന്ദചേഷ്ടനായ് നിന്നിരുന്നു, ഞാൻ
മന്ദിരാങ്കണവീഥിയിൽ.
എത്തിയെങ്കാതി,ലപ്പൊഴു,തൊരു
മുഗ്ദ്ധസംഗീതകന്ദളം....

EDIT & PUBLISHING ALBIN CHEDIYATH MOB 8111905690

കവിതകൾ

'ആരു വാങ്ങു,മിന്നാരു വാങ്ങുമീ-
യാരാമത്തിന്റെ രോമാഞ്ചം? . . . . '
പച്ചപ്പുൽക്കൊടിത്തുഞ്ചിൽത്തഞ്ചുന്ന
കൊച്ചുമാണിക്യക്കല്ലുകൾ
ഞാനറിഞ്ഞതില്ലെന്തുകൊണ്ടെ,ന്നെൻ-
മാനസം കവർന്നീലൊട്ടും.
അല്ലെങ്കിൽ ചിത്തമെ,ങ്ങതാ ഗാന-
കല്ലോലത്തിലലിഞ്ഞല്ലോ!
ഗാനമാലികേ, വെൽക, വെൽക, നീ
മാനസോല്ലാസദായികേ!
ഇത്രനാളും നുകർന്നതില്ല ഞാ-
നിത്തരമൊരു പീയൂഷം.
പിന്നെയു,മതാ, തെന്നലിലൂടെ
വന്നിടുന്നണ്ടെന്നാനന്ദം......
'ആരു വാങ്ങു,മിന്നാരു വാങ്ങുമീ-
യാരാമത്തിന്റെ രോമാഞ്ചം? . . . . '
നന്മലരായ് വിരിഞ്ഞിട്ടില്ലാത്ത
പൊന്മുകുളമേ, ധന്യ നീ!
തിന്മതൻ നിഴൽ തീണ്ടിടാതുള്ള
നിർമ്മലത്വമേ, ധന്യ നീ!
പുഞ്ചിരിക്കൊള്ളും വാസന്തശ്രീ നിൻ-
പിഞ്ചുകൈയിലൊതുങ്ങിയോ?
മാനവന്മാർ നിൻ ചുറ്റുമായുടൻ
മാലികയ്ക്കായ് വന്നെത്തിടാം.
ഉത്തമേ, നിൻ മുഖത്തു നോക്കുമ്പോ-
ളെത്രചിത്തം തുടിച്ചിടാ!
ഹാ, മലീമസമാനസർപോലു-
മോമനേ, നിന്നെക്കാണുമ്പോൾ
പൂതചിത്തരായ്ത്തീരുമാറുള്ളോ-
രേതുശക്തി നീ, നിർമ്മലേ?
നിൽക്ക, നിൽക്ക, ഞാൻ കാണട്ടേ നിന്നെ,
നിഷ്കളങ്കസൗന്ദര്യമേ!
'ആരു വാങ്ങു,മിന്നാരു വാങ്ങുമീ-
യാരാമത്തിന്റെ രോമാഞ്ചം? . . . . '
രാജപാതയിൽ, പൊന്നുഷസ്സുപോൽ,
രാജിച്ചീടിനാൾ ബാലിക.
സംഖ്യയില്ലാതെ കൂടിനാർ ചുറ്റും
തങ്കനാണയം തങ്കുവോർ.
ആശയുൾത്താരിലേവനുമുണ്ടാ-
പ്പേശലമാല്യം വാങ്ങുവാൻ.
എന്തതിൻ വിലയാകട്ടെ, വാങ്ങാൻ

EDIT & PUBLISHING ALBIN CHEDIYATH MOB 8111905690

കവിതകൾ

സന്തോഷം ചെറ്റല്ലേവനം!
സുന്ദരാധരപല്ലവങ്ങളിൽ
മന്ദഹാസം വിരിയവേ;
നീലലോലാളകങ്ങൾ നന്മുദ്ര-
ഫാലകത്തിലിളകവേ;
മന്ദവായുവിലംശുകാഞ്ചലം
മന്ദമന്ദമിളകവേ;
വിണ്ണിനുള്ള വിശുദ്ധകാന്തിയാ-
ക്കണ്ണിണയിൽ വഴിയവേ;
മാലികയുമായ് മംഗലാംഗിയാൾ
ലാലസിച്ചിതാപ്പാതയിൽ!
താരുണ്യ,മൽപനാളിനുള്ളിലാ-
ത്താരെതിരുടൽ പൂൽകിടാം.
ഇന്നൊരാനന്ദസാരമാമിളം-
കുന്ദകോരകംതാനവൾ!
രാജപാതയിൽത്തിങ്ങിക്കൂടിയോ-
രാ ജനാവലിയൊന്നുപോൽ,
ആനന്ദസ്തബ്ധമായി, സുന്ദര-
ഗാനമീവിധം കേൾക്കവേ.....
'ആരു വാങ്ങു,മിന്നാരു വാങ്ങുമീ-
യാരാമത്തിന്റെ രോമാഞ്ചം? . . . . '
ചേലെഴുന്നൊരത്തുമലർമാല്യ-
മാളില്ലേ, വാങ്ങാനാരുമേ?
തങ്കനാണ്യങ്ങളായതിന്നവർ
ശങ്കിയാതെത്ര നൽകീല!
പൊന്നുനൽകുന്ന പൂവിനായിക്കൊ-
ണ്ടെന്നാലും മതിവന്നീലേ?
ഓമലേ, നിൻ ധനാഭിലാഷത്തിൻ-
സീമ നീപോലും കാണ്മീലേ?
അന്തരീക്ഷാന്തരം പിളർന്നുനീ,
ഹന്ത, പായുന്നുമോഹമേ!.
'ആരു വാങ്ങു,മിന്നാരു വാങ്ങുമീ-
യാരാമത്തിന്റെ രോമാഞ്ചം? . . . . '
പൊൻപുലരിയെത്തെല്ലിടമുൻപു
ചുമ്പനം ചെയ്ത ഭാനുമാൻ,
നീലവാനിൻ നടുവിൽനി,ന്നതാ
തീയെതിർവെയിലല്ലുകുന്നു.
പച്ചിലച്ചാർത്തിനുശ്ലിലായോരോ
പക്ഷികൾ കൊൾവൂ വിശ്രമം.
ചൂടുകൊണ്ടു വരണ്ട വായുവി-
ലാടിടുന്നു ലതാളികൾ

EDIT & PUBLISHING ALBIN CHEDIYATH MOB 8111905690

കവിതകൾ

– ആരും വാങ്ങിയിട്ടില്ലെന്നോ, ഹാ, നി–
ന്നാരാമശ്രീതൻസൗഭാഗ്യം?.....”
കാട്ടിലാ മരച്ചോട്ടിലാ,യുണ്ടൊ–
രാട്ടിടയകുമാരകൻ,
ഉച്ചവെയിലേൽക്കാതുല്ലസിക്കുന്ന
പച്ചപ്പുൽത്തട്ടിലേകനായ്!
മുൻപിലായിതാ, മോഹനാംഗിയാം
വെമ്പലാർന്നൊരു ബാലിക!
ഇപ്പൊഴുമുണ്ടപ്പിഞ്ചുകൈയി,ല–
പ്പൊൽപ്പുതുമലര്മാലിക!
ആനതാനനയായി നിന്നവ–
ളാദരാൽ, മന്ദമോതിനാൾ:–
“ബാല,മത്തുച്ഛസമ്മാനമാകും
മാല– നീയിതു വാങ്ങുമോ?”
വിസ്മയസ്തബ്ധനായതില്ലവൻ
വിസ്തരിച്ചതില്ലൊന്നുമേ
സ്വീയമാം ശാന്തഭാവത്തിൽ,സ്മിത–
പീയൂഷം തൂകിയോതിനാൻ:–
‘ഇല്ലല്ലോനിനക്കേകുവാനൊരു
ചില്ലിക്കാശുമെൻകൈവശം!...’
അസ്സുമാംഗിതനക്ഷികളി,ലി–
തശ്രുബിന്ദുക്കൾ ചേർത്തുപോയ്!
അഗ്ഗളനാളത്തിങ്കൽ നിന്നിദം
നിർഗ്ഗളിച്ചു സഗദ്ഗദം:
‘ഒന്നുരണ്ടല്ല തങ്കനാണയം
മുന്നിൽ വെച്ചതാ മാനുഷർ;
ആയവർക്കാർക്കും വിറ്റീല, ഞാനീ–
യാരാമത്തിന്റെ രോമാഞ്ചം!–‘
‘ഓമനേ, മാപ്പിരന്നിടുന്നു ഞാ–
നാ മലർമാല്യം വാങ്ങിയാൽ
എന്തു നൽകേണ്ടു പിന്നെ ഞാ,നെന്റെ
സന്തോഷത്തിന്റെ മുദ്രയായ്?... ‘
പുഞ്ചിരിയിൽക്കുളിർത്ത, നൽക്കിളി–
ക്കൊഞ്ചൽ തൂകിനാൾ കണ്മണി:–
‘ആ മുരളിയിൽനിന്നൊരു വെറും
കോമളഗാനം പോരുമേ!....’

ചങ്ങമ്പുഴ കൃഷ്ണപിള്ള

EDIT & PUBLISHING ALBIN CHEDIYATH MOB 8111905690



# അമ്മ

ഒൻപതുപേരവർ കൽപ്പണിക്കാർ ഒരമ്മപെറ്റവരായിരുന്നു
ഒൻപതുപേരും അവരുടെ നാരിമാരൊൻപതും ഒന്നിച്ചു വാണിരുന്നു
കല്ലുകൾച്ചെത്തിപ്പടുക്കുമാകൈകൾക്ക് കല്ലിനെക്കാളുറപ്പായിരുന്നു
നല്ലപകുതികൾ നാരിമാരോ കല്ലിലെ നീരുറവായിരുന്നു
ഒരുകല്ലടുപ്പിലെ തീയിലല്ലോ അവരുടെ കഞ്ഞി തിളച്ചിരുന്നു
ഒരു വിളക്കിൻ വെളിച്ചത്തിലല്ലോ അവരുടെ തീനും തിമിതിമിർപ്പും
ഒരു കിണർ കിനിയുന്ന നീരല്ലോ കോരികുടിക്കാൻ കുളിക്കുവാനും
ഒൻപതറകൾ വെവ്വേറെ അവർക്കന്തിയുറങ്ങുവാൻ മാത്രമല്ലോ
ചെത്തിയകല്ലിന്റെ ചേലുകണ്ടാൽ കെട്ടിപ്പടുക്കും പടുതകണ്ടാല്

ഒ എൻ വി കുറിപ്പ്

അ കൈവിരുതു പുകഴ്ത്തുമാരും അ പുകഴ് ഏതിനും മീതെയല്ലോ
കോട്ടമതിലും മതിലകത്തെ കൊട്ടാരം കോവിൽ കൂത്തമ്പലവും
അവരുടെ കൈകൾ പടുത്തതത്രേ അഴകും കരുത്തും കൈകോർത്തതത്രേ
ഒൻപതും ഒൻപതും കല്ലുകൾ ചേർന്നൊരുശിൽപ ഭംഗി തളിർത്തപോലേ
ഒൻപതുകൽപ്പണിക്കാരവർ നാരിമാരൊൻപതും ഒന്നിച്ചു വാണിരുന്നു
അതുകാലം കോട്ടതൻ മുന്നിലായി പുതിയൊരു ഗോപുരം കെട്ടുവാനായ്
ഒത്തു പതിനെട്ടുകൈകൾ വീണ്ടും ഉത്സവമായ് ശബ്ദഘോഷമായി
കല്ലിനും മീതെയായ് നൃത്തമാടി കല്ലുളി കൂടങ്ങൾ താളമിട്ടു
ചെത്തിയകല്ലുകൾ ചാന്തു തേച്ചു ചേർത്തു പടുക്കും പടുതയെന്തേഇക്കുറി വല്ലായ്മയാർന്നുപോയി
ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും ...
ചെത്തിയകല്ലുകൾ ചാന്തു തേച്ചു ചേർത്തു പടുക്കും പടുതയെന്തേഇക്കുറി
വല്ലയ്മയാർന്നുപോയി ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും
കല്ലുകൾ മാറ്റിപ്പടുത്തുനോക്കി കയ്യുകൾ മാറിപ്പണിഞ്ഞു നോക്കി
ചാന്തുകൾ മാറ്റിക്കുഴച്ചുനോക്കി ചാർത്തുകളൊക്കെയും മാറ്റിനോക്കി
തെറ്റിയതെന്താണെവിടെയാവൊ ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും
എന്താണപോംവഴിയെന്നൊരൊറ്റച്ചിന്തയവരിൽ പുകഞ്ഞുനിൽക്കെ
വെളിപാടുകൊണ്ടാരോ ചൊല്ലിയത്രെ അധികാരമുള്ളോരതേറ്റു ചൊല്ലി
ഒൻപതുണ്ടല്ലോ വധുക്കളെന്നാൽ ഒന്നിനെചേർത്തീ മതിൽപടുത്താല്
ആ മതിൽ മണ്ണിലുറച്ചുനിൽക്കും ആ ചന്ദ്രതാരമുയർന്നുനിൽക്കും
ഒൻപതുണ്ടത്രേ പ്രിയവധുക്കൾ അൻപിയെന്നോരവരൊന്നുപൊലെ
ക്രൂരമാമീബലിക്കായതിൽനിന്ന് ആരെയൊരുവളെ മാറ്റിനിർത്തും

## കവിതകൾ

കൂട്ടത്തിലേറ്റവും മൂപ്പെഴുന്നോൻ തെല്ലൊരുറ്റത്തോടപ്പോൾ പറഞ്ഞുപോയി
ഇന്നുച്ചനേരത്ത് കഞ്ഞിയുമായ് വന്നെത്തിടുന്നവൾ ആരുമാട്ടെ
അവളെയും ചേർത്തീ മതിൽ പടുക്കും അവളീപ്പണിക്കാർതൻ മാനം കാക്കും
ഒൻപതുപേരവർ കൽപ്പണിക്കാർ ഒൻപതു മെയ്യും ഒരു മനസ്സും
എങ്കിലും ഒൻപതുപേരുമപ്പോൾ സ്വന്തം വധുമുഖം മാത്രമോർത്തു
അശുഭങ്ങൾ ശങ്കിച്ചുപോകയാലോ അറിയാതെ നെടുവീർപ്പുതിർന്നുപോയി
ഒത്തു പതിനെട്ടുകൈകൾ വീണ്ടും ഭിത്തി പടുക്കും പണി തുടർന്നു
തങ്ങളിൽ നോക്കാനുമായിടാതെ എങ്ങോ മിഴിനട്ടു നിന്നവരും
ഉച്ചവെയിലിൽ തിളച്ചകഞ്ഞി പച്ചിലതോറും പകർന്നതാരോ
അക്കഞ്ഞിപാർന്നതിൻ ചൂടുതട്ടി പച്ചത്തലപ്പുകളൊക്കെ വാടി
കഞ്ഞിക്കലവും തലയിലേന്തി കയ്യാലെതാങ്ങിപ്പിടിച്ചുകൊണ്ടേ
മുണ്ടകപ്പാടവരംബിലൂടെ മുന്നിലെചെന്തെങ്ങിൻ തോപ്പിലൂടെ
ചുണ്ടത്ത് തുമ്പച്ചിരിയുമായി മണ്ടിക്കിതച്ചുവരുന്നതാരോ മണ്ടിക്കിതച്ചുവരുന്നതാരോ
മൂക്കിന്റെതുമ്പത്ത് തുങ്ങിനിന്നു മുത്തുപോൽ ഞാത്തുപോൽ വേർപ്പുതുള്ളി
മുന്നിൽ വന്നങ്ങനെ നിന്നവളോ മൂത്തയാൾ വേട്ടപെണ്ണായിരുന്നു
ഉച്ചക്കുകഞ്ഞിയും കൊണ്ടുപോരാൻ ഊഴമവളുടേതായിരുന്നു
ഒൻപതുപേരവർ കൽപ്പണിക്കാർ ഒൻപതു മെയ്യും ഒരു മനസ്സും
എങ്കിലുമേറ്റവും മൂത്തയാളിൻ ചങ്കിലൊരുവെള്ളിടിമുഴങ്ങി
കോട്ടിയ പ്ലാവില മുന്നിൽ വച്ചു ചട്ടിയിൽ കഞ്ഞിയും പാർന്നു വച്ചു
ഒറ്റത്തൊടുകറി കൂടെ വച്ചു ഒൻപതുപേർക്കും വിളമ്പി വച്ചു
കുഞ്ഞിനെ തോളിൽ കിടത്തി തന്റെ കുഞ്ഞിന്റെയച്ഛന്നടുത്തിരിക്കെ
ഈ കഞ്ഞിയൂട്ടൊടുക്കത്തെയാണെന്ന് ഓർക്കുവാനാസതിക്കായതില്ല
ഓർക്കപ്പുറത്താണശനിപാതം ആർക്കറിയാമിന്നതിൻ മുഹൂർത്തം
കാര്യങ്ങളെല്ലാമറിഞ്ഞവാറെ ഈറനാം കണ്ണ് തുടച്ചുകൊണ്ടേ
വൈവശ്യമൊക്കെ അകത്തൊതുക്കി കൈവന്ന കൈപ്പും മധുരമാക്കി
കൂടെപ്പൊറുത്ത പുരുഷനോടും കൂടപ്പിറപ്പുകളോടുമായി
ഗത്ഗതത്തോടു പൊരുതിടുപോൽ അക്ഷരമോരോന്നുമൂന്നിയൂന്നി
അന്ത്യമാം തന്നഭിലാഷപ്പോൾ അഞ്ജലിപൂർവ്വം അവൾ പറഞ്ഞു
ഭിത്തിയുറക്കാനീപ്പെണ്ണിനേയും ചെത്തിയകല്ലിന്നിടക്കു നിർത്തി
കെട്ടിപ്പടുക്കുമുൻപൊന്നെനിക്കുണ്ട് ഒറ്റയൊരാഗ്രഹം കേട്ടുകൊൾവിൻ
കെട്ടിമറയ്ക്കല്ലെൻ പാതി നെഞ്ചം കെട്ടിമറയ്ക്കല്ലേയെന്റെ കയ്യും
എന്റെ പൊന്നോമന കേണിടുമ്പോൾ എന്റെയടുത്തേക്ക് കൊണ്ടുപോരു
ഈ കയ്യാൽ കുഞ്ഞിനെയേറ്റുവാങ്ങി ഈമുലയൂട്ടാൻ അനുവധിക്കു
ഏതുകാറ്റുമെൻ പാട്ടുപാടുന്നു ഏതു മണ്ണിലും ഞാൻ മടയ്ക്കുന്നു
മണ്ണളന്ന് തിരിച്ചു കോൽനാട്ടി മന്നരായ് മധിച്ചവർക്കായി
ഒൻപതു കൽപ്പണിക്കാർ പടുത്ത വൻപിയെന്നൊരാക്കോട്ടതൻ മുന്നില്
ഇന്നുകണ്ടേനപ്പെണ്ണിൻ അപൂർണ്ണസുന്ദരമായ വെൺശിലാശിൽപ്പം
എന്തിനോവേണ്ടി നീട്ടിനിൽക്കുന്ന ചന്തമോലുന്നൊരാവലം കൈയ്യും
ഞെട്ടിൽനിന്ന് പാൽ തുള്ളികൾ ഊറും മട്ടിലുള്ളൊരാ നഗ്നമാം മാറും
കണ്ടുണർന്നെന്റെയുള്ളിലെ പൈതൽ അമ്മ അമ്മയെന്നാർത്തു നിൽക്കുന്നു
കണ്ടുണർന്നെന്റെയുള്ളിലെ പൈതൽ അമ്മ അമ്മയെന്നാർത്തു നിൽക്കുന്.

EDIT & PUBLISHING ALBIN CHEDIYATH MOB 8111905690

ഒ എൻ വി കുറിപ്പ്

# ബാഗ്ദാദ്



മുരുകൻ കാട്ടാകട

മണലുകരിഞ്ഞു പറക്കുന്നെന്ത്രു, കാക്ക മലർന്നു പറക്കുന്നു
താഴേത്തൊടിയിൽ തലകീറി ചുടുചോരയൊലിക്കും ബാല്യങ്ങൾ
ഇതു ബാഗ്ദാദാണമ്മ പറഞ്ഞോരറബിക്കഥയിലെ ബാഗ്ദാദ്
കാളയിറച്ചിക്കടയിലെ തറയിൽ ചോരതെറിച്ചിളനാമ്പു കരിഞ്ഞു
ആരവമില്ലാതവിടവിടെ പൊടികേറിമറഞ്ഞ തുണിപ്പൊതികൾ
കൂട്ടത്തിൽ ചെറുകുപ്പായത്തിൽ ചിതറിയ ബാല്യമുറങ്ങുന്നു
അരികിലെയമ്മ പൊതിച്ചിതറി ചുടുകവിളിൽ പാതിക്കൈ മാത്രം (ഇതു ബാഗ്ദാദാണമ്മേ...)
തെരുവിന്നോരത്തൊരു തിരികെട്ടുകിടപ്പുണ്ടവിടെ പുകയുണ്ട്
പകലു കരിഞ്ഞാൽ പാത്തുപതുങ്ങിവരും നരികൾക്കതി മദമുണ്ട്
അമ്മക്കാലു തെരഞ്ഞു തളർന്നു, ഉമ്മകൊടുത്തു തുടുത്ത മുഖം
എങ്ങുകളഞ്ഞു പൊന്നോമൽച്ചിരി താങ്ങീടേണ്ട തളിർത്ത മൊഴി
സൂര്യനെവെല്ലും കാന്തിയെഴും തേജസ്വാർന്നൊരു ബാല്യമുഖം
കീറിവരഞ്ഞു ജയിക്കുകയാണൊരു പാരുഷ്യത്തിൻ ക്രൌര്യമുഖം(ഇതു ബാഗ്ദാദാണമ്മ...)
ഇരുപാർശ്വങ്ങൾ മുറിഞ്ഞ കുരിശായ് ഒരു ബാല്യം നിറ കണ്ണു തുടയ്ക്കാൻ
വരമായ് ഒരു കൈ പ്രാർത്ഥനയേറ്റി മയങ്ങുന്നാതുരശയ്യയിലാർദ്രം
സ്വപ്നത്തിൽ അവനൊത്തിരിയകലെ കൊച്ചുപശുക്കന്നൊപ്പമലഞ്ഞു
പൊയ്കയിലാമ്പലിറുത്തൊരു കയ്യിൽ കൊള്ളിത്തടഞ്ഞു മയക്കമുടഞ്ഞു
കരയാതരികിലിരുന്നമ്മ ഇനിയെൻ കണ്ണുകൾ നിൻ കൈകൾ (ഇതു ബാഗ്ദാദാണമ്മ...)
ദൂരെയിരുന്നവർ ചോദിച്ചൂ, ആരാ നിന്നുടെ സ്വപ്നത്തിൽ
പ്രായോജകരില്ലാത്തൊരു സ്വപ്നം പാടേ തട്ടിപ്പായിക്ക
ചൂടുകിനാക്കൾ നൽകാം നീ നിൻ നേരും വേരുമുപേക്ഷിക്ക
അല്ലെങ്കിൽ തിരി ആയിരമുള്ളൊരു തീക്കനി തിന്നാൻ തന്നീടും
രാത്രികളിൽ നിൻ സ്വപ്നങ്ങളിൽ അതിപ്രേത കൂട്ടു പകർത്തീടും
അഗ്നിയെറിഞ്ഞു കുടങ്ങളുടഞ്ഞു കടൽഭ്രതങ്ങളുറഞ്ഞീടും
നട്ടുനനച്ചൊരു സംസ്കാരത്തരു വെട്ടിച്ചിതനിര തീർത്തീടും
തണലുതരുന്ന മഹാവൃക്ഷം നാം ചുവടു മുറിക്കുകയാണിന്ന്
പകരം നൽകാം സ്വപ്നസുഖങ്ങൾ നിറച്ചൊരു വർണ്ണക്കൂടാരം
പേരും വേരുമുപേക്ഷിക്ക പടിവാതിൽ തുറന്നു ചിരിക്കുക നീ
പുല്ലുപറഞ്ഞു കിളക്കുക പുത്തൻ ചൊല്ലുകിളിർക്കാൻ ഹൃദയങ്ങൾ
കത്തും കണ്ണു കലങ്ങീലാ, മൊഴിമുത്തുമൊരല്പമുടഞ്ഞീലാ
മറുമൊഴി ചൊല്ലി തീക്കനി തിന്നാം നരകത്തീമഴയേറ്റീടാം
എങ്കിലുമെന്നുടെ പേരും വേരും എന്നും പ്രാണനുമാത്മാവും (ഇതു ബാഗ്ദാദാണമ്മേ...)
ഇതു ബാഗ്ദാദ്, ദുശ്ശാസനകേളിയിൽ കുന്തലഴിഞ്ഞ സഭാപർവ്വം
ഇതു ഗാന്ധാരി ഒരായിരമരുമ കുരിതിയിലന്ധതയാർന്ന മനം

EDIT & PUBLISHING ALBIN CHEDIYATH MOB 8111905690

കവിതകൾ

ഇതു കോവിലപതി മുറിച്ച മുലപ്പാടയഗ്നിയെരിച്ച മഹാചരിതം
ഇതു ബാഗ്ദാദാണമ്മ പറഞ്ഞോരറബിക്കഥയിലെ ബാഗ്ദാദ്
അറബിക്കഥയിലെ ബാഗ്ദാദ്

മുരുകൻ കാട്ടാകട

# എന്റെ ഭാഷ

സന്നികൃഷ്ടാബ്ധിതൻ ഗംഭീരശൈലിയും
സഹ്യഗിരിതൻ അടിയുറപ്പും
ഗോകർണ്ണ ക്ഷേത്രത്തിൻ നിർവൃതികൃത്വവും
ശ്രീകന്യമാലിൻ പ്രസന്നതയും
ഗംഗപോലുള്ള പേരാറ്റിൻ വിശുദ്ധിയും
തെങ്ങിളം കായ്നീരിൻ മാധുര്യവും
ചന്ദനൈലാലവങ്കാദിവസ്തുക്കൾ തൻ
നന്ദിത പ്രാണമാം ഉമണവും
സംസ്കൃത ഭാഷതൻ സ്വാഭാവികൌജസ്സും
സാക്ഷാൽ തമിഴിന്റെ സൌന്ദര്യവും
ഒത്തുചേർന്നുള്ളൊരു ഭാഷയാണെൻ ഭാഷ
മത്താടി കൊൾകയാണഭിമാനമേ നീ
മിണ്ടി തുടങ്ങാൻ ശ്രമിയ്ക്കുന്ന പിഞ്ചിളം



വള്ളത്തോൾ

ചുണ്ടിന്മേൽ അമ്മിഞ്ഞാ പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചിട്ടുന്നതൊന്നാമതായ്
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യന പെറ്റമ്മ തൻ ഭാഷതാൻ
മാതാവിൻ വാത്സല്യ ദുഗ്ധം പകർന്നാലെ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ
അമ്മതാൻ തന്നെ പകർന്നു തരുമ്പോഴെ
നമ്മൾക്കമൃതുമമൃതായ് തോന്നൂ..

വള്ളത്തോൾ

EDIT & PUBLISHING ALBIN CHEDIYATH MOB 8111905690